"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിജ്ഞാനകേരളം ക്യാമ്പയിൻ - ജില്ലാ തലത്തിലുള്ള വിജ്ഞാനകൗൺസിലുകൾ വിപുലീകരിച്ചും കോർപ്പറേഷൻ/മുനിസിപ്പൽ തലത്തിലും, ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും വിജ്ഞാനകൗൺസിലുകൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1940/2025/LSGD തീയതി,തിരുവനന്തപുരം, 05-08-2025

പരാമർശം:-
1. സ.ഉ.(കൈ) നം.179/2024/LSGD; തീയതി 19.12.2024
2. സ.ഉ.(സാധാ) നം.445/2025/LSGD; തീയതി 12.02.2025
3. കെഡിസ്ക് മെമ്പർ സെക്രട്ടറിയുടെ 07.05.2025ലെ 1022/2025/KDISC/ക-111 നമ്പർ കുറിപ്പ്

**ഉത്തരവ്**

തൊഴിൽ അന്വേഷകരായ അഭ്യസ്തവിദ്യരെ ആവശ്യമായ തയ്യാറെടുപ്പുകളോടെ തൊഴിൽമേളകളിൽ അണിനിരത്തി തൊഴിൽ ലഭ്യമാക്കുകയും, വിദ്യാർത്ഥികൾക്ക് പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട നൈപുണി പരിശീലനം നൽകി അവരെ തൊഴിൽ സജ്ജരാക്കുകയും ചെയ്യുന്നതിന് ലക്ഷ്യമിട്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ജനകീയമായി നടപ്പാക്കുന്ന പരിപാടിയായ വിജ്ഞാന കേരളം ജനകീയ ക്യാമ്പയിൻ ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. വിജ്ഞാനകേരളം ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും വിജ്ഞാനകൗൺസിലുകൾ രൂപീകരിച്ചും, അതിൽ ഉൾപ്പെടുന്ന അംഗങ്ങളെ തീരുമാനിച്ചുകൊണ്ടും പരാമർശം 2 ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. വിജ്ഞാനകേരളം പരിപാടിയുടെ പ്രവർത്തന പുരോഗതി അവലോകന വേളയിൽ വിജ്ഞാനകൗൺസിലുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന്, ഇപ്പോൾ തീരുമാനിച്ചിട്ടുള്ള സംസ്ഥാനതലത്തിലും ജില്ലാ തലത്തിലുമുള്ള വിജ്ഞാന കൗൺസിലുകളിൽ കൂടുതൽ അംഗങ്ങളെ കൂട്ടിചേർത്തും, അതിന് പുറമേ കോർപ്പറേഷൻ/മുനിസിപ്പൽ തലത്തിലും, ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും കൂടി വിജ്ഞാനകൗൺസിലുകൾ രൂപീകരിക്കണമെന്നും കെഡിസ്ക് മെമ്പർ സെക്രട്ടറി പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിജ്ഞാനകേരളം ക്യാമ്പയിന്റെ ഭാഗമായി ജില്ലാ തലത്തിൽ പരാമർശം 2 പ്രകാരം രൂപീകരിച്ച വിജ്ഞാനകൗൺസിലുകൾ

ചുവടെ പ്രകാരം വിപുലീകരിച്ചും, കോർപ്പറേഷൻ/മുനിസിപ്പൽ തലത്തിലും, ബ്ലോക്ക് പഞ്ചായത്ത് തലത്തിലും ഗ്രാമപഞ്ചായത്ത് തലത്തിലും കൂടി വിജ്ഞാനകൗൺസിലുകൾ രൂപീകരിക്കുന്നതിന് ജില്ലാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയും, അതിനുള്ള ഘടന നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പരാമർശം 2 ഉത്തരവിന്റെ അനുബന്ധം 2 ൽ പ്രതിപാദിക്കുന്ന ജില്ലാ വിജ്ഞാന കൗൺസിലിൽ ചുവടെയുള്ള ക്രമീകരണങ്ങൾ വരുത്തുന്നു.

- ചെയർമാൻ:- ജില്ലയുടെ ചാർജുള്ള മന്ത്രി
- സെക്രട്ടറി:- ജില്ലാ കളക്ടർ
- കൺവീനർ:- ജില്ലാമിഷൻ കോർഡിനേറ്റർ, വിജ്ഞാനകേരളം
- ജോയിന്റ് കൺവീനർ:-പ്രോഗ്രാം എക്സിക്യൂട്ടീവ് / പ്രോഗ്രാം മാനേജർ, കെ-ഡിസ്ക്

5. നിലവിലുള്ള അംഗങ്ങൾക്ക് പുറമെ, താഴെപ്പറയുന്നവരെ കൂടി ജില്ലാ വിജ്ഞാന കൗൺസിലിൽ അംഗങ്ങളായി ഉൾപ്പെടുത്തുന്നു.

i. കില ജില്ലാ ഫെസിലിറ്റേറ്റർ
ii. ജില്ലാ പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷൻ
iii. ജില്ലാ പഞ്ചായത്ത് സെക്രട്ടറി
iv. ജില്ലാ പ്ലാനിംഗ് ഓഫീസർ

6. ഇതുകൂടാതെ, വിജ്ഞാന കേരളം പ്രവർത്തനങ്ങൾ താഴെ തലത്തിൽ കൂടി ഫലപ്രദമാക്കാൻ അനുബന്ധമായി ചേർത്തിട്ടുള്ള ഘടനയിൽ ബ്ലോക്ക് പഞ്ചായത്ത്/ഗ്രാമ പഞ്ചായത്ത്/മുനിസിപ്പൽ തലങ്ങളിലും വിജ്ഞാന കൗൺസിലുകൾ രൂപീകരിക്കുന്നതിന് ജില്ലാ വിജ്ഞാന കൗൺസിലുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

7. പരാമർശം 2 ഉത്തരവ് മേൽ ഭേദഗതിയോടെ മാത്രം നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്

10. മെമ്പർ സെക്രട്ടറി, കെഡിസ്ക്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാകളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 05-08-2025 16:40:17
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**അനുബന്ധം**

## ബ്ലോക്ക് പഞ്ചായത്ത്തല വിജ്ഞാന കൗൺസിൽ

1) ചെയർപേഴ്സൺ : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
2) കൺവീനർ : ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
3) ജോയിന്റ് കൺവീനർ : ബ്ലോക്ക് കോർഡിനേറ്റർ DDUGKY/ഇന്റേൺ അംഗങ്ങൾ
4) ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
5) ബ്ലോക്ക് പരിധിയിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ
6) ബ്ലോക്ക് വ്യവസായ എക്സ്റ്റൻഷൻ ഓഫീസർ
7) വനിത വികസന ഓഫീസർ
8) പട്ടികജാതി വികസന ഓഫീസർ
9) ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
10) പ്രാദേശിക സംരംഭക പ്രതിനിധികൾ
11) താലൂക്ക് ലൈബ്രറി കൗൺസിൽ അംഗം
12) ചെറുകിട വ്യവസായ അസോസിയേഷൻ പ്രതിനിധികൾ
13) വ്യാപാര വ്യവസായ പ്രതിനിധികൾ
14) പ്രാദേശിക ചേംബർ ഓഫ് കോമേഴ്സ്, മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ
15) ബ്ലോക്ക് പ്രദേശത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപന പ്രിൻസിപ്പാൾ/ പ്ലേസ്മെന്റ് സെൽ ഓഫീസർ
16) പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ
17) കില ബ്ലോക്ക് കോർഡിനേറ്റർ
18) കെ.ആർ.പി മാർ
19) കുടുംബശ്രീ എം.ഇ.എസ് ബ്ലോക്ക് കോർഡിനേറ്റർമാർ
20) ആസൂത്രണസമിതി ഉപാധ്യക്ഷൻ, ബ്ലോക്ക് പഞ്ചായത്ത്

## കോർപ്പറേഷൻതല വിജ്ഞാന കൗൺസിൽ

1) ചെയർപേഴ്സൺ : മേയർ
2) കൺവീനർ : സെക്രട്ടറി
3) ജോയിന്റ് കൺവീനർ : സിറ്റി മിഷൻ മാനേജർ NULM/ഇന്റേൺ അംഗങ്ങൾ
4) സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
5) വ്യവസായ വികസന ഓഫീസർ
6) വനിത വികസന ഓഫീസർ

7) പട്ടികജാതി വികസന ഓഫീസർ
8) ജില്ലാ ലൈബ്രറി കൗൺസിൽ പ്രതിനിധി
9) പ്രാദേശിക സംരംഭക പ്രതിനിധികൾ
10) ചെറുകിട വ്യവസായ അസോസിയേഷൻ പ്രതിനിധികൾ
11) വ്യാപാരി വ്യവസായി പ്രതിനിധികൾ
12) പ്രാദേശിക ചേംബർ ഓഫ് കോമേഴ്സ്, മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ
13) കുടുംബശ്രീ മെമ്പർ സെക്രട്ടറി
14) ഉന്നതവിദ്യാഭ്യാസ സ്ഥാപന പ്രിൻസിപ്പാൾ/ പ്ലേസ്മെന്റ് സെൽ ഓഫീസർ
15) പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ
16) കുടുംബശീ CDS ചെയർപേഴ്സൺമാർ
17) കെ.ആർ.പി. മാർ, കില റിസോഴ്സ് പേഴ്സൺമാർ
18) ഫിഷറീസ് സബ് ഇൻസ്പെക്ടർമാർ
19) യുവജന ക്ഷേമ ബോർഡ് കോർഡിനേറ്റർമാർ
20) ആസൂത്രണ സമിതി ഉപാധ്യക്ഷൻ, നഗരസഭ

**<u>മുനിസിപ്പൽതല വിജ്ഞാന കൗൺസിൽ</u>**

1) ചെയർപേഴ്സൺ : മുനിസിപ്പൽ ചെയർമാൻ/ ചെയർപേഴ്സൺ
2) കൺവീനർ : സെക്രട്ടറി
3) ജോയിന്റ് കൺവീനർ : സിറ്റി മിഷൻ മാനേജർ NULM/ഇന്റേൺ അംഗങ്ങൾ
4) സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
5) വ്യവസായ വികസന ഓഫീസർ
6) പട്ടികജാതി വികസന ഓഫീസർ
7) ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ
8) താലൂക്ക് ലൈബ്രറി കൗൺസിൽ പ്രതിനിധി
9) ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ
10) കുടുംബശ്രീ മെമ്പർ സെക്രട്ടറി
11) കുടുംബശീ CDS ചെയർപേഴ്സൺമാർ
12) ഉന്നതവിദ്യാഭ്യാസ സ്ഥാപന പ്രിൻസിപ്പാൾ/ പ്ലേസ്മെന്റ് സെൽ ഓഫീസർ
13) പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാർ
14) കെ.ആർ.പി. മാർ
15) കില റിസോഴ്സ് പേഴ്സൺമാർ
16) പ്രാദേശിക സംരംഭക പ്രതിനിധികൾ

17) ചെറുകിട വ്യവസായ അസോസിയേഷൻ പ്രതിനിധികൾ
18) വ്യാപാരി വ്യവസായി പ്രതിനിധികൾ
19) പ്രാദേശിക ചേംബർ ഓഫ് കോമേഴ്സ്, മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ
20) യുവജനക്ഷേമ ബോർഡ് കോർഡിനേറ്റർമാർ
21) സാക്ഷരതാ പ്രേരക്

## <u>ഗ്രാമപഞ്ചായത്ത്തല വിജ്ഞാന കൗൺസിൽ</u>

1) ചെയർപേഴ്സൺ : പ്രസിഡന്റ്
2) കൺവീനർ : സെക്രട്ടറി
3) ജോയിന്റ് കൺവീനർ : വിജ്ഞാന കേരളം അംഗങ്ങൾ
4) സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ
5) കുടുംബശ്രീ മെമ്പർ സെക്രട്ടറി
6) CDS ചെയർപേഴ്സൺ
7) ലൈബ്രറി കൗൺസിൽ അംഗം
8) ഉന്നതവിദ്യാഭ്യാസ സ്ഥാപന പ്രിൻസിപ്പാൾ/ പ്ലേസ്മെന്റ് സെൽ ഓഫീസർ
9) പ്രാദേശിക സംരംഭക പ്രതിനിധികൾ
10) ചെറുകിട വ്യവസായ അസോസിയേഷൻ പ്രതിനിധികൾ
11) വ്യാപാരി വ്യവസായി പ്രതിനിധികൾ
12) പ്രാദേശിക ചേംബർ ഓഫ് കോമേഴ്സ്, മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികൾ
13) എസ്.സി/എസ്.ടി പ്രൊമോട്ടർ
14) യുവജനക്ഷേമ ബോർഡ് കോർഡിനേറ്റർ
15) സാക്ഷരതാ പ്രേരക്
16) കമ്മ്യൂണിറ്റി അംബാസഡർ
17) കെ. ആർ.പി മാർ
18) ഡി ആർ പി മാർ
19) കില റിസോഴ്സ് പേഴ്സൺ
20) വ്യവസായ വകുപ്പ് ഇന്റേൺ
21) ആസൂത്രണസമിതി ഉപാധ്യക്ഷൻ, ഗ്രാമ പഞ്ചായത്ത്